പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

13.01.2021 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : * 46

## വ്യവസായ മേഖലയിൽ വൺ ടച്ച് പരിഷ്കാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ . കെ .ഡി .പ്രസേനൻ**<br>**ശ്രീ. ബി. ഡി. ദേവസ്സി**<br>**ശ്രീ . എം. നൗഷാദ്**<br>**ശ്രീ. ആന്റണി ജോൺ :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി)** |
| (എ) | നിക്ഷേപ പ്രോത്സാഹനത്തിനും വ്യവസായ റാങ്കിംഗിൽ നില മെച്ചപ്പെടുത്തുന്നതിനും വൺ ടച്ച് പരിഷ്കാരം നടപ്പിലാക്കിയിട്ടുണ്ടോ; ഇതിനെക്കുറിച്ച് വിശദമാക്കാമോ; | (എ), (ബി), & (സി) | സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുക, വ്യവസായ നിക്ഷേപം ആകർഷിക്കുക, വ്യവസായ വളർച്ചയിൽ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക, സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ് റാങ്കിങ് മെച്ചപ്പെടുത്തുക, തുടങ്ങിയ ലക്ഷ്യങ്ങളോട് കൂടിയും, ലോക ബാങ്ക് നിർദ്ദേശ പ്രകാരമുള്ള ഈസ് ഓഫ് ഡൂയിങ്ങ് സംരംഭം കേരളത്തിൽ നടപ്പാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായും, വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കാനും, അതുവഴി വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനുമായിട്ടാണ് ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് "2018 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്റ്റ് " എന്ന പേരിൽ പുതിയ നിയമം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.<br>• മുകളിൽ പറഞ്ഞ നിയമം മൂല വ്യവസായം തുടങ്ങുവാൻ അനുമതി നൽകുന്ന വിവിധ വകുപ്പുകളിൽ കാലഹരണപ്പെ നിയമങ്ങളിലാണ് ഭേദഗ വരുത്തിയിരിക്കുന്നത്. കൂടാതെ വിവി വകുപ്പുകളുടെ നിലവിലുള്ള 10 ചട്ടങ്ങള ഭേദഗതി വരുത്തിയിട്ടുണ്ട്.<br>• വ്യവസായം തുടങ്ങുന്നതിന് വിവി വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അനുമതികള ഏകജാലക ഓൺലൈൻ സംവിധാന |
| (ബി) | വ്യവസായസൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഫലം കണ്ടു തുടങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | | |
| (സി) | കെ-സിഫ്റ്റിലൂടെ എത്ര വ്യവസായങ്ങൾ അംഗീകാരം നേടി; ഇവയിലൂടെ എത്ര തൊഴിലവസരങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി. സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്. സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്പ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളാണ് മേൽപ്പറഞ്ഞ പുതിയ നിയമത്തിന്റെ അനുകൂല ഘടകങ്ങൾ.<br>• കൂടാതെ, വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം '(കെ-സ്വിഫ്റ്റ്)' 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് ഇതിലൂടെ 15 വകുപ്പുകൾ / ഏജൻസികൾ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കൂടാതെ 29.09.2020 യിൽ ആരംഭിച്ച KSWIFT-Phase II ലൂടെ കൂടുതൽ വകുപ്പുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് വ്യവസായ സംരംഭകർക്ക് ലൈസൻസുകൾ ലഭിക്കുവാനും നിലവിലുള്ള സംരംഭകർക്ക് ലൈസൻസ് പുതുക്കുവാനും സാധിക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി. സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. |

| | | | |
|---|---|---|---|
| | | | • നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇത് മുഖാന്തരം വ്യവസായം തുടങ്ങുവാനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുകയാണ് പ്രധാന ലക്ഷ്യം.<br>• ഇന്ത്യയിലെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റുകയും, വലിയ തോതിൽ നിക്ഷേപം ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2020 ജനുവരി 9, 10. തീയതികളിൽ കൊച്ചിയിൽ വച്ച് അസെൻഡ് 2020 ആഗോള നിക്ഷേപക സംഗമം നടത്തിയത്. പ്രസ്തുത സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തി കാണിക്കാൻ സാധിച്ചിട്ടുണ്ട്<br>• കൂടാതെ സംസ്ഥാനത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ്, 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപനം പ്രകാരം റെഡ് കാറ്റഗറിയിൽ വരാത്തതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം പദ്ധതികളേയും, സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ, അനുമതികൾ, പെർമിറ്റുകൾ എന്നിവ നേടുന്നതിൽ നിന്നും ആദ്യത്തെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിക്കൊണ്ട് "2019 ലെ ദി കേരള മൈക്രോ സ്മോൾ മീഡിയം |

| | | | |
|---|---|---|---|
| | | | എൻറർപ്രൈസസ് ഫെസിലിറ്റേഷൻ ആക്ട്" ലൂടെ സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി, KSWIFT വഴി ഒരു സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റു രസീത് ലഭ്യമാക്കാവുന്ന സൗകര്യം കൊണ്ടുവന്നത്.<br>• സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് സർക്കാർ "ഇൻവസ്റ്റ് കേരള പോർട്ടൽ" നടപ്പിലാക്കിയിരിക്കുന്നത്. ഇതിലൂടെ വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതികളെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്തുവാൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ സംരംഭകർക്ക് ഈ ഇൻവെസ്റ്റ് കേരള പോർട്ടലിലൂടെ ലഭ്യമാകുന്നതാണ്.<br>• "2018 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്ട്" "2019 ലെ കേരള സൂക്ഷ്മ ചെറുകിട –ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട്" എന്നിവ നടപ്പിലാക്കിയത് മൂലവും വ്യവസായം ആരംഭിക്കുന്നതിനായി സംരംഭകർക്ക് ഓൺ ലൈൻ സംവിധാനമായ KSWIFT നിലവിൽ വന്നതുമൂലവും കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി മാറുവാൻ സാധിച്ചു എന്നതിന്റെ ഫലമാണ് KSWIFT പോർട്ടൽ വഴി നാളിതുവരെ (07.01.2021 വരെ) സംരംഭകർ 1415 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിച്ചതിൽ ഡീംഡ് ലൈസൻസ് ലഭ്യമാക്കിയത് ഉൾപ്പടെ, 578 അനുമതികൾ/ലൈസൻസുകൾ ലഭ്യമാക്കിയത്. |

| | | | |
|---|---|---|---|
| | | | കേരള സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റിലൂടെ KSWIFT വഴി 06.01.2021 വരെ 7645 അപേക്ഷകർ 1525.53 കോടി രൂപ മുതൽ മുടക്കുള്ള പദ്ധതികൾക്കായി KSWIFT ൽ സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിന് ഏഴ് ദിവസത്തിനകം അനുമതി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) & (ഇ) | സൂക്ഷ്മ-ചെറുകിട-ഇടത്തര വ്യവസായ സംരംഭങ്ങളാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയുടെ സൂചിക എന്ന് തിരിച്ചറിഞ്ഞു കൊണ്ടും സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടും കൂടാതെ സംസ്ഥാനത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും ഉദ്ദേശിച്ച് കൊണ്ടാണ് സംസ്ഥാനത്ത് പത്ത് കോടി രൂപ വരെ മുതൽ മുടക്കുള്ള സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമില്ലയെന്ന് സർക്കാർ തീരുമാനിക്കുകയും അതിനായി '2019 ലെ കേരള സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്' നടപ്പിലാക്കുകയും ചെയ്തിട്ടുള്ളത്. ടി നിയമപ്രകാരം വ്യവസായ സംരംഭകർക്ക് ചുവപ്പ് വിഭാഗത്തിൽപ്പെടാതെയുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KSWIFT വഴി ഒരു സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ രസീത് ലഭ്യമാക്കാവുന്നതാണ്. അപ്രകാരമുള്ള സാക്ഷ്യപത്രത്തിന് 3 വർഷ കാലത്തേക്ക് പ്രാബല്യം ഉണ്ടാകുന്നതാണെന്നും, പ്രസ്തുത കാലാവധി അവസാനിച്ച ശേഷം 6 മാസ കാലയളവിനുള്ളിൽ വ്യവസായ സ്ഥാപനം, |
| (ഇ) | മുൻകൂർ ലൈസൻസില്ലാതെ സംരംഭങ്ങൾ ആരംഭിക്കാൻ അനുമതി നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ആക്റ്റിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ആവശ്യമായ അംഗീകാരങ്ങൾ വ്യവസായ സ്ഥാപനം സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ലഭ്യമാക്കേണ്ടതാണ്. 06.01.2021 വരെ 7645 അപേക്ഷകർ 1525.53 കോടി രൂപ മുതൽ മുടക്കുള്ള പദ്ധതികൾക്കായി KSWIFT ൽ സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്.<br>എന്നാൽ സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം വിഭാഗത്തിൽപ്പെടാത്ത നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതുമൂലം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, സംരംഭകർക്ക്, ഇൻവസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോയിലൂടെ, 7 ദിവസത്തിനുള്ളിൽ വ്യവസായിക ലൈസൻസ് ലഭ്യമാക്കുവാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിനായി കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന ആക്റ്റിൽ ഭേദഗതികൾ വരുത്തി ഒരു ഓർഡിനൻസ് (Ordinance no. 73 of 2020) പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ